# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5169 — 15.11.2019 ൽ മറുപടിക്ക്

## ഫ്ലക്സ് ബോർഡുകൾക്ക് നിരോധനം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ.അൻവർ സാദത്ത് | എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ | പരിസ്ഥിതി മലിനീകരണം മുൻനിർത്തി ഫ്ലക്സ് ബോർഡുകൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | ഉണ്ട്. 29/08/2019-ലെ സ.ഉ.(കൈ) നം.111/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ പരിസ്ഥിതിക്ക് ദോഷകരമായ പോളി വിനൈൽ ക്ലോറൈഡുകളാൽ (പി.വി.സി.) നിർമ്മിതമായ ഫ്ളക്സുകൾ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. |
| ബി | കേന്ദ്ര സർക്കാരിന്റെ വേസ്റ്റ് മാനേജ്മെന്റ് നിയമപ്രകാരം വീണ്ടും ഉപയോഗിക്കുവാനോ പുനരുല്പാദനം ചെയ്യാവുന്നതോ ആയ പി. വി. സി. ഉല്പന്നങ്ങൾ നിരോധിക്കരുതെന്ന് വ്യവസ്ഥയുണ്ടോ; അറിയിക്കാമോ; | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെൻറ് റൂൾസിലും, 2018-ൽ പുറപ്പെടുവിച്ച പ്രസ്തുത റൂൾസിന്റെ ഭേദഗതി ചട്ടങ്ങളിലും പി.വി.സി. ഉല്പന്നങ്ങളുടെ നിരോധനം സംബന്ധിച്ച് പ്രത്യേകിച്ച് പരാമർശിക്കുന്നില്ല. പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 2016 പ്രകാരം ഏതെങ്കിലും പുനഃചംക്രമണം ചെയ്യാൻ പറ്റാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക്ക് ഉണ്ടെങ്കിൽ 2 വർഷം കൊണ്ട് അതിന്റെ ഉല്പാദനവും ഉപയോഗവും ഘട്ടം ഘട്ടമായി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 27.03.2018-ലെ പ്ലാസ്റ്റിക് വേസ്റ്റ് പരിപാലന (ഭേദഗതി) ചട്ടം 2018 പ്രകാരം പുനഃചംക്രമണം, ഊർജ്ജോത്പാദനം, മറ്റ് ഉപയോഗം എന്നിവയ്ക്ക് പറ്റാത്ത മൾട്ടിലെയേർഡ് പ്ലാസ്റ്റിക്കുകൾ ഘട്ടം ഘട്ടമായി ഒഴിവാക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>കൂടാതെ, ദേശീയ ഹരിത ട്രൈബ്യൂണൽ OA No.606/2018 നമ്പർ കേസിനുമേൽ 2019 ഏപ്രിൽ മാസം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം, കുറഞ്ഞ കാലാവധിയുള്ള പി.വി.സി.യും ക്ലോറിനേറ്റഡ് പ്ലാസ്റ്റിക് ഉല്പന്നങ്ങളും ഉത്തരവ് നിലവിൽ വന്ന് 6 മാസത്തിനകം തന്നെ പൂർണ്ണമായും നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഫ്ലക്സ് നിരോധനം പ്രാബല്യത്തിൽ വന്നിട്ടും പല സ്ഥലത്തും ഇത് കർശനമായി പാലിക്കപ്പെടുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി | നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | 29/08/2019-ലെ സ.ഉ.(കൈ) നം.111/2019/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലൂടെ സംസ്ഥാനത്ത് പി.വി.സി. നിർമ്മിതമായ ഫ്ളക്സ് പൂർണ്ണമായും നിരോധിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിനു ശേഷം പി.വി.സി. ഫ്ളക്സിൽ പ്രിന്റ് ചെയ്ത ബാനർ / ബോർഡ് സ്ഥാപിക്കുന്ന വ്യക്തി / സ്ഥാപനത്തിന് നോട്ടീസ് നൽകി പ്രിന്റ് ചെയ്ത് നൽകിയ സ്ഥാപനത്തിന്റെ വിവരം ശേഖരിച്ച് പ്രിന്റ് ചെയ്തവരിൽ നിന്നും ആദ്യപടിയായി സ്ക്വയർ ഫീറ്റിന് 20/- രൂപ നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം നിയമവിരുദ്ധമായ പ്രവൃത്തികൾ തുടരുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതും മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**